പഠനം ഉണ്ടാവുന്നതു് തീർച്ചയായും പ്രയോജനകരം ആയിരിക്കും. കൊളോൺ പഠനത്തെ ഇതിനു മാതൃകയായി സ്വീകരിക്കാവുന്നതാണു്.

(വസ്തുതകൾക്കു് ആധാരം: ആഗസ്റ്റ് 10—ലെ 'ജർമൻ ട്രൈബ്യൂണി'ൽ ഉദ്ധരിച്ച ഒരു ലേഖനം.)

(19 ആഗസ്റ്റ്, 1986)

# 73. ദ്വാരകയെപ്പററി

ഇന്ത്യയുടെ രണ്ടു് ഇതിഹാസങ്ങളാണു് രാമായണവും മഹാഭാരതവും. 'ഇതിഹാസം' എന്ന വാക്കിനു് അർത്ഥം പുരാവൃത്തം (പണ്ടു നടന്ന കാര്യം) എന്നാകുന്നു. രാമായണത്തിലും മഹാഭാരതത്തിലും വിവരിക്കുന്ന സംഭവങ്ങൾ, ജനതയുടെ ഓർമ്മയ്ക്കപ്പുറമുള്ള ഏതോ കാലത്തു യഥാർത്ഥത്തിൽ നടന്നവയാണോ?

രാമായണത്തിലെ കഥാനായകൻ അയോദ്ധ്യാധിപതി ആയിരുന്ന രാമൻ ആണല്ലോ. സൂര്യവംശരാജാവായ രാമന്റെ ജീവിതവുമായി ബന്ധപ്പെട്ട അയോദ്ധ്യ, മിഥില, പഞ്ചവടി മുതലായ സ്ഥലങ്ങൾ ഇന്നും ജനങ്ങൾ തിരിച്ചറിയുന്നുണ്ടു്. കിഷ്കിന്ധ, ലങ്ക മുതലായ സ്ഥലങ്ങൾ സംബന്ധിച്ച ഗവേഷകർക്കിടയിൽ തർക്കമുണ്ടു്. രാമായണകഥയിലെ കാതലായ അംശങ്ങൾ, രാമന്റെ വനവാസവും രാവണനോടുള്ള യുദ്ധവും, സത്യത്തിൽ സംഭവിച്ചവ ആയിക്കൂടായ്കയില്ല.

ചന്ദ്രവംശരാജാക്കന്മാർ തമ്മിൽ നടന്ന വലിയ ഒരു യുദ്ധത്തെ വിവരിക്കുന്ന മഹാഭാരതത്തിലെ കഥനായകൻ കൃഷ്ണനാണു്. ഉത്തരപ്രദേശിലെ 'മഥുര' എന്ന പട്ടണത്തിൽ കൃഷ്ണൻ പിറന്ന സ്ഥലം ഇപ്പോഴും ജനങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ടു്. അമ്മാമനായ കംസനെ കൃഷ്ണൻ നിഗ്രഹിച്ചതിന്റെ പകവീട്ടുവാനായി, ബീഹാറിലെ 'ഗിരിവ്രജ'ത്തിൽ നാടുവാണിരുന്ന ജരാസന്ധൻ—ഇദ്ദേഹം കംസന്റെ ശ്വശ്ശുരനായിരുന്നു— പതിനെട്ടു തവണ മഥുരയ്ക്കെതിരെ പടയെടുപ്പു നടത്തി. ജരാസന്ധന്റെ പതിനെട്ടാമത്തെ ആക്രമണം നടന്ന സമയത്തുതന്നെ വലിയ ഒരു യവന (മ്ലേച്ഛ) സൈന്യവും മഥുരയെ ഉപരോധിച്ചു. അതിനാൽ കൃഷ്ണൻ തന്റെ തലസ്ഥാനം പടിഞ്ഞാറെ കടലിലുള്ള ദ്വീപു് ആയ 'ദ്വാരക'യിലേക്കു മാററി. ദ്വാരകയെപ്പററിയുള്ള വിസ്തൃതവർണ്ണനകൾ പുരാണങ്ങളിലും ഇതിഹാസങ്ങളിലും കാണാം. കൃഷ്ണൻ മരിച്ചതിനുശേഷം ദ്വാരക കടലിൽ മുങ്ങിപ്പോയി.

> ദ്വാരകാം ഹരിണാത്യക്താം
> സമുദ്രോ ƒ പ്ലാവയൽ ക്ഷണാൽ
> വർജയിത്വാ മഹാരാജ,
> ശ്രീമദ് ഭഗവദാലയം.

(അല്ലയോ മഹാരാജാവേ, കൃഷ്ണൻ ഉപേക്ഷിച്ചുപോയ ദ്വാരക ക്ഷണനേരംകൊണ്ടു സമുദ്രത്തിൽ മുങ്ങിപ്പോയി. എന്നാൽ, ഭഗവാന്റെ ഭവനം മാത്രം അപ്പോഴും വെള്ളത്തിൽ ആഴ്ന്നില്ല) എന്നു ഭാഗവതപുരാണകാരൻ ഇക്കാര്യം സംക്ഷേപിക്കുന്നു.

മഹാഭാരതത്തിൽ പേരെടുത്തു പറയുന്ന മിക്ക സ്ഥലങ്ങളും ഇപ്പോൾ തിരിച്ചറിയപ്പെടുന്നുണ്ടു്. ചരിത്രത്തിന്റെ കുത്തിയൊഴുക്കിൽ ഈ സ്ഥലങ്ങൾക്കെല്ലാം വമ്പിച്ച മാററം വന്നിരിക്കുന്നു. ഈ പ്രദേശങ്ങളിൽ

പലേടത്തു് ആഴത്തിൽ കുഴിച്ചുനോക്കിയപ്പോൾ, അതിപ്രാചീനകാലത്തു് ഇവിടെ പാർത്തിരുന്നവരുടെ ജീവിതരീതികളെപ്പററി ചില സൂചനകൾ ലഭിക്കുകയുണ്ടായി.

കടൽ വിഴുങ്ങിയ 'ദ്വാരക'യെപ്പററി വല്ല വിവരവും ലഭിക്കുക സാദ്ധ്യമാണോ? അടുത്തകാലത്തായി വളർന്നുവന്ന ഒരു വിജ്ഞാനശാഖയാണു് 'അന്തസ്സമുദ്ര—പുരാതത്വവിജ്ഞാനം, (അണ്ടർ വാട്ടർ ആർക്കിയോളജി). ഗോവയിലെ ദേശീയ സമുദ്രശാസ്ത്രസ്ഥാപനം ഇന്ത്യാ ഗവണ്മെൻറിൻെറ ശാസ്ത്രസാങ്കേതിക വകുപ്പിൻെറ ധനസഹായത്തോടെ 'ദ്വാരക'യെ സംബന്ധിച്ച, മൂന്നു വർഷം നീണ്ടുനില്ക്കുന്ന, പഠനങ്ങൾ 1983—ൽ ആരംഭിച്ചു. ഈ പഠനങ്ങൾക്കു നേതൃത്വം നല്കിയതു് ഡോക്ടർ എസ്. ആർ. റാവു ആയിരുന്നു. നാലാം വർഷവും ഈ പഠനങ്ങൾ തുടരുകയുണ്ടായി.

ഗുജറാത്തിൽ, കച്ഛ് ഉൾക്കടലിൽ, 'ബേത്ദ്വാരക' എന്നൊരു ദ്വീപു് ഇപ്പോൾ ഉണ്ടു്. ഈ ദ്വീപിനും അപ്പുറത്തു്, കടലിനടിയിൽ, 1983 ഏപ്രിൽ—മെയ്മാസങ്ങളിൽ നടത്തിയ ആദ്യത്തെ മുങ്ങിത്തപ്പലിൽ, മണ്ണിൽ ആഴത്തിൽ പുതഞ്ഞുകിടന്ന പഴയ മൺപാത്രങ്ങളും, കെട്ടിടങ്ങളുടെ അവശിഷ്ടങ്ങളും, രണ്ടു ടൺവരെ ഭാരമുള്ള ക്കുററൻ കല്ലുകൾ കൊണ്ടു നിർമിച്ച ഒരു മതിലിൻെറ ചില ഭാഗങ്ങളും കാണപ്പെട്ടു. ഈ മൺപാത്രങ്ങളെ, കരയിൽ പലേടത്തും ഉൽഖനനത്തിൽനിന്നു ലഭിച്ച മൺപാത്രങ്ങളുമായി താരതമ്യപ്പെടുത്തിയപ്പോൾ, അവ ഏതാണ്ടു മൂവായിരത്തഞ്ഞൂറു വർഷം മുമ്പു പ്രചാരത്തിലിരുന്നവയാണെന്ന നിഗമനത്തിൽ പുരാതത്വശാസ്ത്രജ്ഞർ എത്തിച്ചേർന്നു. ഇതിനർത്ഥം, ഏതാണ്ടു മൂവായിരത്തഞ്ഞൂറു വർഷം മുമ്പു് ഇവിടെയുണ്ടായിരുന്ന ഒരു നഗരം പെട്ടെന്നു കടലിൽ ആഴ്ന്നുപോയെന്നാണു്.

ഈ പ്രദേശത്തു് 1984 ഡിസംബറിൽ രണ്ടാമതും മുങ്ങി നോക്കിയപ്പോൾ, മുന്നൂററിയമ്പതു മീററർ ആഴത്തിൽ, ഉറച്ചു കട്ടിയായ കളിമണ്ണിൽ പുതഞ്ഞുകിടന്ന, ശംഖിൽ കൊത്തിയ, ഒരു മുദ്ര കണ്ടുകിട്ടി. രണ്ടു സെൻറീമീററർ ചതുരമുള്ള ഈ മുദ്രയിൽ മൂന്നു തലകളുള്ള ഒരു മൃഗത്തിൻെറ രൂപം ആലേഖനംചെയ്തിരുന്നു. പേഴ്സ്യൻ ഉൾക്കടൽത്തീരത്തു് 'ബഹ്റൈൻ' എന്ന സ്ഥലത്തുനിന്നു കിട്ടിയ പഴയ മുദ്രകളുമായി അത്ഭുതകരമായ സാമ്യം ഈ മുദ്രയ്ക്കുള്ളതായി പുരാതത്വശാസ്ത്രജ്ഞർ കണ്ടറിഞ്ഞു. സൈന്ധവനാഗരികതയുടെ ഒരു കേന്ദ്രമായ 'ലോഥൽ' എന്ന സ്ഥലത്തുനിന്നു് ഇത്തരമൊരു മുദ്ര കണ്ടുകിട്ടിയിട്ടുമുണ്ടു്. മഹൻ—ജ—ദരോ, ഹരപ്പ മുതലായ നഗരങ്ങൾ നിർമിച്ച സൈന്ധവജനത ദ്വാരകവഴി ബഹ്റൈനുമായി വ്യാപാരബന്ധങ്ങൾ പുലർത്തിയിരുന്നു എന്ന നിഗമനത്തിലേക്കാണു് ഈ വസ്തുത വിരൽ ചൂണ്ടുന്നതു്. ഈ മുദ്ര ഏതാണ്ടു മൂവായിരത്തിനാന്നൂറു് കൊല്ലം മുമ്പു നിർമിക്കപ്പെട്ടതാവാമെന്നു പുരാതത്വശാസ്ത്രജ്ഞർ വിധിച്ചു. ഏതാണ്ടിക്കാലത്തു് ബഹ്റൈനിൽ കടൽനിരപ്പു പെട്ടെന്നു് ഉയർന്നതിനു രേഖകളുണ്ടു്. ദ്വാരകാദ്വീപു് കടലിലാണ്ടുപോയതും ഇക്കാലത്താവാം. ഈ ജലാപ്ലാവനകാലം, ഭാഗവതപുരാണത്തിലെ വിവരണവുമായി, സാരാംശത്തിൽ യോജിക്കുന്നുണ്ടു്.

കഴിഞ്ഞ ആണ്ടിൽ മൂന്നാമതും ബേത്ദ്വാരകയ്ക്കപ്പുറം കടലിൽ മുങ്ങിത്തപ്പിയപ്പോൾ കിട്ടിയ ഒരു മൺപാത്രത്തിൽ ഏതാനും ലിപികൾ ഉണ്ടായിരുന്നു. സൈന്ധവലിപികളിൽനിന്നു ബ്രാഹ്മീലിപിയിലേക്കുള്ള വികാസമാണു് ഈ ലിപികളിൽ കാണുന്നതെന്നു പുരാതത്വജ്ഞർ കരുതി. 'മഹാകച്ഛശാഹ്പാ' എന്നു് അവർ ഈ ലിപികൾ വായിച്ചു. 'വലിയ ചതുപ്പുനിലത്തിൻെറ സംരക്ഷകാ, രക്ഷിച്ചാലും' എന്നായിരിക്കാം ഇതിൻെറ അർത്ഥം. സൈന്ധവലിപി വായിച്ചു മന

സ്സിലാക്കാൻ ഈ മൺപാത്രത്തിലെ കുറിപ്പ് സഹായിച്ചേക്കുമെന്നു കരുതപ്പെടുന്നു. സൈന്ധവലിപി പ്രതിനിധാനംചെയ്യുന്നതു് ആശയങ്ങളെയാണ്. 1, 2, 3 മുതലായ അക്കങ്ങൾ ആശയങ്ങളെ പ്രതിനിധാനം ചെയ്യുന്നവയാണല്ലോ. അതുപോലെ എന്നാൽ, ബ്രാഹ്മീലിപി, മലയാളലിപിയും നാഗരീലിപിയും റോമൻ ലിപിയും മററുംപോലെ, ധ്വനികളെ പ്രതിനിധാനംചെയ്യുന്നു. ദ്വാരകാലിപിയും പ്രതിനിധാനംചെയ്യുന്നതു ധ്വനികളെ ആകുന്നു. എങ്കിലും ചിത്രലിപിയുടേതായ ചില അംശങ്ങൾ ദ്വാരകാലിപിയിലുണ്ട്. ചിത്രങ്ങൾ ആശയങ്ങളെയല്ലാതെ ധ്വനികളെ പ്രതിനിധാനംചെയ്യാൻ ഉപയോഗിക്കപ്പെട്ടു തുടങ്ങിയ കാലഘട്ടത്തെയാണത്രേ ദ്വാരകാലിപി സൂചിപ്പിക്കുന്നതു്.

ഡോക്ടർ എസ്. ആർ. റാവുവും സംഘവും ഈ ആണ്ടിൽ, നാലാമതും, ദ്വാരകാപ്രദേശത്തു മുങ്ങിപ്പരിശോധന നടത്തുകയുണ്ടായി. ഇതു സംബന്ധിച്ച ഏതാനും വിവരങ്ങൾ 1986 മെയ് 28—ാം തീയതിയിലെ 'ഹിന്ദു' പത്രത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കടലിനടിയിൽ ഒരു ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ ഇത്തവണ കണ്ടെത്തി. കല്ലുകൊണ്ടു കെട്ടി ഉണ്ടാക്കിയ ഒരു കടല്പാലത്തിന്റെ (ജെട്ടിയുടെ) അവശിഷ്ടങ്ങളും കാണുകയുണ്ടായി. കരിങ്കല്ലുകൊണ്ടു നിർമിച്ചതും നൂററമ്പതു കിലോഗ്രാം ഭാരമുള്ളതുമായ ഒരു നങ്കൂരമാണ് ഇവിടെനിന്നു കിട്ടിയ, ശ്രദ്ധാർഹമായ, മറെറാരു വസ്തു. ഈ നങ്കൂരത്തിൽ മൂന്നു ദ്വാരങ്ങളുണ്ട്. ചതുരത്തിലുള്ള താഴത്തെ രണ്ടു ദ്വാരങ്ങൾ മരക്കുററികൾ അടിച്ചു കയററാനാണ്. ഇരുമ്പു നങ്കൂരത്തിന്റെ ചൂണ്ടൽ മുനകൾപോലെ ഈ മരക്കുററികൾ ചളിയിൽ ആഴ്ന്നിറങ്ങി, കപ്പലിനെ ഉറപ്പിച്ചു നിർത്തുന്നു. വൃത്താകൃതിയിലുള്ള മുകളിലെ ദ്വാരം കയർകെട്ടി, നങ്കൂരക്കല്ലിനെ കപ്പലിനോടു ബന്ധിക്കുന്നതിനുള്ളതാണ്. സിറിയയിലെ 'ഉഗാരിത്ത്' എന്ന പ്രദേശത്തുനിന്നും ഇത്തരം നങ്കൂരക്കല്ലുകൾ കിട്ടിയിട്ടുണ്ട്. അവ ക്രിസ്തുവിനു മുമ്പ് 14—13 നൂററാണ്ടുകളിലേതു് ആണെന്നു് (അതായതു് അവയ്ക്കു മൂവായിരത്തി മുന്നൂറുമുതൽ മൂവായിരത്തിനാനൂറുവരെ വർഷം പഴക്കം ഉണ്ടാവാമെന്നു്) പുരാതത്വശാസ്ത്രജ്ഞർ തീരുമാനിച്ചിട്ടുമുണ്ട്. ഏതാണ്ടു മൂവായിരത്തഞ്ഞൂറു വർഷം മുമ്പു ദ്വാരക ഇന്ത്യയിലെ ഒരു വലിയ തുറമുഖമായിരുന്നു എന്നതിനു തെളിവാണ് ഇപ്പോൾ ദ്വാരകയിൽനിന്നു കിട്ടിയ നങ്കൂരക്കല്ല്. 'ദ്വാരക' എന്ന വാക്കിന്റെ അർത്ഥംതന്നെ 'പ്രവേശന ദ്വാരം' അഥവാ തുറമുഖം എന്നാകുന്നു.

ബേത്ദ്വാരക ദ്വീപിൽ ഇപ്പോൾ ഉള്ള വരുണക്ഷേത്രത്തിൽനിന്ന് എണ്ണൂറുമീററർ ദൂരെ കടലിൽ അഞ്ചോ, ആറോ മീററർ ആഴത്തിൽ, അഞ്ഞൂറു മീററർ നീളവും മുന്നൂറു മീററർ വീതിയുമുള്ള ഒരു പ്രദേശത്തു്, ഒരു വലിയ ക്ഷേത്രത്തിന്റെ അവശിഷ്ടങ്ങൾ ഇത്തവണ കണ്ടെത്തുകയുണ്ടായി. ഇവയ്ക്കു രണ്ടായിരം വർഷത്തെ പഴക്കമേ ഉള്ളൂ എന്നു കണക്കാക്കപ്പെടുന്നു. അതായതു്, ദ്വാരകാപട്ടണം കടലിൽ താഴ്ന്ന് ആയിരത്തഞ്ഞൂറു വഷ്ങ്ങൾകൂടി കഴിഞ്ഞാണ് ഈ ക്ഷേത്രം കടലെടുത്തു പോയതു്. ദ്വാരക മുങ്ങിയപ്പോഴും മുങ്ങിയില്ലെന്നു ഭാഗവതപുരാണത്തിൽ പറയുന്ന 'ശ്രീമദ് ഭഗവദാലയം' ഇതായിരിക്കുമോ? ഇതിന്റെ അടിത്തറ കണ്ടെത്തണമെങ്കിൽ കടലിനടിയിൽ നൂറു വലിയ കല്ലുകളെങ്കിലും ഉരുട്ടി മാറേറണ്ടിവരുമത്രേ. ഇതിനു കൂടുതൽ വലിയ ഒരു കപ്പലും ധാരാളം ജോലിക്കാരും ആവശ്യമാണ്. അടുത്ത ആണ്ടിലും ഈ ഗവേഷണപ്രവർത്തനങ്ങൾ തുടർന്നുപോകുമെന്നാണു കരുതപ്പെടുന്നതു്.

നടന്നേടത്തോളം അന്തസ്സമുദ്ര—ഗവേഷണങ്ങളിൽനിന്ന് ഏകദേശം മൂവായിരത്തഞ്ഞൂറു വർഷം മുമ്പു പെട്ടെന്നു കടൽനിരപ്പ് ഉയരുകയും, ദ്വാരക എന്ന ദ്വീപും അതിലെ നഗരവും വെള്ളത്തിനടിയിലായിത്തീ

രുകയുംചെയ്തു എന്ന് അസന്ദിഗ്ദ്ധമായി തെളിഞ്ഞിരിക്കുന്നു. ഇതു് ഭാഗവതപുരാണത്തിലെ പരാമർശങ്ങൾക്കു നിരക്കുന്നുണ്ട്. ദ്വാരകാനഗരത്തിന്റെ മുഖ്യഭാഗങ്ങൾ കടലിലാഴ്ന്ന ശേഷവും ഏതാനും നൂററാണ്ടുകളോളം ആ പ്രദേശത്തു് ഒരു വലിയ ക്ഷേത്രം നിലനിന്നിരുന്നു. പ്രാചീനലോകത്തിലെ തുറമുഖങ്ങളിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു ദ്വാരക. സിന്ധുനാഗരികതയുടെ കാലഘട്ടത്തിൽ, ഈ തുറമുഖത്തിലൂടെ, പേഴ്സ്യൻ ഉൾക്കടൽ പ്രദേശത്തിലെ തുറമുഖങ്ങളുമായി വ്യാപാരം നടന്നുവന്നു. ദ്വാരകാദ്വീപും നഗരവും കടലിൽ താഴ്ന്നശേഷവും, തുറമുഖമെന്ന നിലയിൽ ദ്വാരകയുടെ പ്രസിദ്ധി ഏറെക്കാലം അഭംഗുരമായി നിലനിന്നുവന്നു.

മഥുരയിൽനിന്നു് ഓടിവന്നു് ദ്വാരകയെന്ന ദ്വീപനഗരം താവളമാക്കിയ കൃഷ്ണൻ ഒരു ചരിത്രപുരുഷനാണോ? ആണെന്നോ അല്ലെന്നോ ഉറപ്പിച്ചു പറയാനുള്ള തെളിവുകൾ ദ്വാരകാപ്രദേശത്തിലെ അന്തസ്സമുദ്ര—പുരാതത്വപഠനങ്ങളിൽനിന്നു് ഇനിയും ലഭിച്ചിട്ടില്ല. ആ തെളിവുകൾ തേടേണ്ടതു്, പക്ഷേ കടലിനടിയിലായിരിക്കുകയില്ല; ജനതയുടെ ഹൃദയങ്ങൾക്കുള്ളിലായിരിക്കും. കാരണം, കൃഷ്ണന്റെ പാഞ്ചജന്യം എന്ന ശംഖും, സുദർശനം എന്ന ചക്രവും നാന്ദകം എന്ന വാളും, കാളക്കൊമ്പുകൾ ചേർത്തുണ്ടാക്കിയ ശാർങ്ഗം എന്ന വില്ലും, കൗമോദകി എന്ന ഗദയും, കൗസ്തുഭം എന്ന രത്നവും, കൃഷ്ണന്റെ ജ്യേഷ്ഠനായ രാമന്റെ കലപ്പയും ഉലയ്ക്കയും, രുക്മിണിയുടെ താലിയും മററും ഇത്രയും ശതാബ്ദങ്ങൾക്കുശേഷം, കടലിൽ മുന്നൂററമ്പതു മീററർ ആഴത്തിൽനിന്നു കണ്ടെടുക്കുവാൻ കഴിയുമെന്നു പ്രതീക്ഷിച്ചുകൂടല്ലോ.

(13 ജൂലൈ, 1986)

## 74. ഹോബി

നെററിയിലെ വിയർപ്പുകൊണ്ടു് അപ്പം നേടണമെന്നേ ദൈവം മനുഷ്യനോടു കല്പിച്ചിട്ടുള്ളു. അപ്പം നേടിക്കഴിഞ്ഞതിനുശേഷവും മനുഷ്യൻ അദ്ധ്വാനിച്ചു വിയർക്കുന്നതു് എന്തിനായിരിക്കാം? ചിലർ മദ്യത്തിനെന്നപോലെ മററു ചിലർ അദ്ധ്വാനത്തിനും അടിമകളായിപ്പോകുന്നു. മദ്യത്തിനു് അടിമകളായവരെ 'ആൽക്കഹോളിക്' എന്നു വിശേഷിപ്പിക്കുന്നതുപോലെ, അദ്ധ്വാനത്തിനു് അടിമകളായവരെ 'വർക്കഹോളിക്' എന്നു് ഇംഗ്ലീഷിൽ പറയുന്നു.

ഭാഗ്യവശാൽ ഇന്ത്യയിൽ 'വർക്കഹോളിക്കു'കൾ ഏറെയില്ല. 'ആൽക്കഹോളിക്കു'കൾക്കാണെങ്കിൽ, നിർഭാഗ്യവശാൽ, ഇവിടെ ഒരു ക്ഷാമവുമില്ലതാനും, അതിരിക്കട്ടെ.

മുഖ്യതൊഴിൽ ആയിട്ടല്ലാതെ, വെറും രസത്തിനുവേണ്ടിയോ, മനസ്സിന്റെ പിരിമുറുക്കം അയഞ്ഞുകിട്ടുന്നതിനുവേണ്ടിയോ, മനുഷ്യർ സ്ഥിരമായി ചെയ്തുവരുന്ന പ്രവൃത്തികളും നിലനിർത്തിവരുന്ന താല്പര്യങ്ങളുമാണു് 'ഹോബി' എന്ന പേരിൽ പാശ്ചാത്യരാജ്യങ്ങളിൽ അറിയപ്പെടുന്നതു്. ഈ അർത്ഥത്തിൽ ഒരു പദം ഏതെങ്കിലുമൊരു ഭാരതീയ ഭാഷയിൽ ഉള്ളതായി എനിക്കറിവില്ല. രസത്തിനുവേണ്ടി പ്രവൃത്തി ചെയ്യുക എന്ന ശീലം ഇന്ത്യക്കാർക്കു് ഇല്ലാത്തതാവാം ഈ പദദാരിദ്ര്യത്തിനു കാരണം.

അതിനാൽ, തികച്ചും വൈദേശികമായ, രസത്തിനുവേണ്ടിയുള്ള